യായിരുന്നു ഈ വിഭാഗത്തിന് ഏർപ്പെടുത്തിയ നിരക്ക് വർദ്ധനയിൽ കുറവുവ രുത്തണമെന്ന് കണ്ടുകൊണ്ട് 5% താരിഫ് നിരക്കിൽ കുറവു വരുത്തിയത്. ഇതിന് 15.5.1999 മുതൽ തന്നെ പ്രാബല്യം നൽകിയിട്ടുണ്ട്. അതുപോലെ സംയുക്ത ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടുപോന്നിരുന്നതും അതായിരു ന്നു. ടി.ഒ.ഡി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ള ഇ.എച്ച്.ടി ഉപഭോക്താ ക്കൾക്ക് അവരുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു എന്ന പരാതി പരിഗണിച്ച് പീക്ക് ലോഡ് സമയത്ത് പിഴ പ്രൊറേറ്റോ അടിസ്ഥാനത്തിൽ മതി യെന്നും 33¼ ശതമാനത്തിന് മുകളിലുള്ള ഉപഭോഗത്തിന് മാത്രം ഇൻസെന്റീവ് നൽകിയിരുന്ന സ്ഥാനത്ത് 30%-ത്തിന് മുകളിൽവരുന്ന ഉപഭോ ഗത്തിന് മുഴുവൻ ഇൻസെന്റീവ് നൽകാമെന്ന് ഉത്തരവാകുകയും ചെയ്തിട്ടു ണ്ട്. കൂടാതെ റിക്കോർഡ് മാക്സിമം ഡിമാന്റിനേക്കാൾ കോൺട്രാക്ട് കൂടി യാൽ അധികം ചെലവാക്കുന്ന വൈദ്യുതിക്ക് 50% അധിക ചാർജ്ജ് ഈടാക്കി യിരുന്നത് നിർത്തലാക്കി. അതിന് സാധാരണ നിരക്ക് നൽകിയാൽ മതിയെന്ന് ഉത്തരവായിട്ടുണ്ട്. ഈ പറഞ്ഞ ഇളവുകൾക്ക് എല്ലാം 1.7.1999 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ഇങ്ങനെ നോക്കുമ്പോൾ എച്ച്.ടി., ഇ.എച്ച്.ടി. വ്യവസായങ്ങൾക്ക് ഏകദേശം പത്ത് ശതമാനത്തോളം ഇളവിന്റെ ആനു കൂല്യം മൊത്തത്തിൽ ലഭിച്ചിട്ടുണ്ടെന്ന് കാണാം. നിരക്ക് വർദ്ധനവിനുശേ ഷവും അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലേത് ഏറ്റവും കുറ ഞ്ഞതാണെന്നുള്ള കാര്യം ഇതിനകം വ്യക്തമാക്കിയിട്ടുള്ളതാണ്. നിരക്ക് വർദ്ധനവ് ഏർപ്പെടുത്തുന്നതിന് മുൻപുതന്നെ പല വ്യവസായസ്ഥാപനങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഇറക്കുമതിനയം കൊണ്ടും ഉദാരവൽക്കരണ പോളിസിമൂലവും പ്രതിസന്ധിയിലായിരുന്നു. താരിഫ് വർദ്ധനവുകൊണ്ടു മാത്രം വ്യവസായങ്ങൾക്ക് മുൻപെങ്ങുമില്ലാത്ത പ്രതിസന്ധിയുണ്ടായിട്ടുള്ള തായി സർക്കാർ കരുതുന്നില്ല. എന്നാൽ താരിഫ് വർദ്ധനവു കൊണ്ടുമാത്രം ഏതെങ്കിലും വ്യവസായം അടച്ചുപൂട്ടേണ്ടി വരുന്ന സാഹചര്യമുണ്ടാകാൻ അനുവദിക്കുകയില്ലെന്നും ഇതിനകംതന്നെ സർക്കാർ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

(8) സചിവോത്തമപുരം പട്ടികജാതി കോളനിയിൽ 11 കെ.വി. ലൈൻ വലിക്കുന്നതിനെതിരെയുള്ള സമരം

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡല ത്തിൽ കുറിച്ചി പഞ്ചായത്തിൽ സചിവോത്തമപുരം പട്ടികജാതി കോളനിയിൽ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നരീതിയിൽ 11 കെ.വി.ലൈൻ വലിക്കരുതെന്നാവ ശ്യപ്പെട്ട് കോളനി നിവാസികൾ സമരമാരംഭിച്ചിരിക്കുകയാണ്. ജൂൺ 21-ന് തുടങ്ങിയ സമരമാണ്. കഴിഞ്ഞ ദിവസം കുറിച്ചി പഞ്ചായത്തിൽ ഹർത്താൽ ആയിരുന്നു. തുടർച്ചയായി അവിടെ നിരാഹാര സത്യഗ്രഹവും നടക്കുകയാ ണ്. സി.എസ്. ജയൻ, സി. വി. ഉദയകുമാർ എന്നിവരെ ആശുപത്രിയിലേക്ക് മാറ്റി. സി.കെ. ബിജുകുമാർ ഇപ്പോൾ നിരാഹാര സമരം തുടരുകയാണ്. കോട്ടയം ജില്ലാ കളക്ടർ ഇതുസംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളുടെ ഒരു കോൺഫറൻസ് അടിയന്തിരമായി വിളിച്ചുകൂട്ടി ഈ പ്രശ്നം രമ്യമായി പരിഹ രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ)</u> : സർ, ശ്രീമതി സുനിതാ ജോസ് കല്ലിശ്ശേരി എന്ന അപേക്ഷക തന്റെ ഉടമസ്ഥ തയിലുള്ള എസ്.എസ്.ഐ.യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ നൽകിയിരുന്നു. ഈ വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി 600 മീറ്റർ 11 കെ.വി. ലൈൻ വലിച്ച് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ആയതിലേക്ക് മൂന്നുലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറു രൂപയുടെ ഒരു എസ്റ്റിമേറ്റിന് അനുമതി നൽകുകയും തുടർന്ന് ശ്രീമതി സുനിതാ ജോസ് മിനിമം ഗ്യാരന്റി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. പ്രസ്തുത കണക്ഷൻ നൽകുന്നതിനായി വലിക്കേണ്ട 600 മീറ്റർ 11 കെ.വി.ലൈനിൽ 500 മീറ്റർ കുറിച്ചി പഞ്ചായത്തിൽ സചിവോത്തമപുരം ഹരിജൻ കോളനിയിൽ കൂടിയാണ് വലിക്കേണ്ടത്. ഈ കോളനിയിൽക്കൂടി 11 കെ.വി.ലൈൻ വലിക്കുന്നതിനെതിരെ ഹരിജൻ കോളനി അസോസിയേഷൻ പ്രസിഡന്റ് പരാതി നൽകുകയും ലൈൻ വലിക്കുന്നത് കോളനി നിവാസികൾ തടയുകയും ചെയ്തു. തുടർന്ന് പ്രസ്തുത പരാതി കോട്ടയം ജില്ലാകളക്ടറുടെ മുൻപാകെ വരികയും കളക്ടർ ലൈൻവലിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ഇതേ തുടർന്ന് കോളനി അസോസിയേഷൻ പ്രസിഡന്റ് കളക്ടറുടെ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ നിന്നും താൽക്കാലിക സ്റ്റേ സമ്പാദിച്ചുവെങ്കിലും ജില്ലാകളക്ടർ ഉചിതമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിക്കൊണ്ട് ഹൈക്കോടതി വിധി നടപ്പിലാക്കി. ഹൈക്കോടതി വിധിയനുസരിച്ച് ജില്ലാ കളക്ടർ പരാതിക്കാരുമായി ചർച്ച നടത്തിയതിനു ശേഷം നേരത്തേ നിശ്ചയിച്ചിരുന്ന റൂട്ടിൽകൂടിതന്നെ ലൈൻ വലിക്കുന്നതിന് ഉത്തരവിട്ടു. ഈ ഉത്തരവിൻപ്രകാരം പോലീസ് സംരക്ഷണത്തിൽ നിലവിലുള്ള എൽ.ടി.ലൈൻ വലിച്ചിട്ടുള്ള പോസ്റ്റിലൂടെ 11 കെ.വി.ലൈൻ വലിക്കുകയുണ്ടായി. ഇതിനെതിരെ കോളനി നിവാസികൾ നിരാഹാരമടക്കമുള്ള പ്രക്ഷോഭമാരംഭിക്കുകയും വിവരം കളക്ടറെ അറിയിച്ചതിനെത്തുടർന്ന് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം മറ്റേതെങ്കിലും റൂട്ടിലൂടെ ശ്രീമതി സുനിതാ ജോസ് എന്ന അപേക്ഷകയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് സാദ്ധ്യത ആരായുകയും അപേക്ഷകയുടെ സമ്മതം തേടുകയും ചെയ്തു. ഇതുപ്രകാരം രണ്ട് റൂട്ടുകളാണ് പ്രകരം കണ്ടെത്തിയത്. ഒരു റൂട്ടിലൂടെയാണെങ്കിൽ 720 മീറ്റർ കെ.വി.ലൈൻ വലിക്കണം. എന്നാൽ ഈ ലൈൻ വലിക്കേണ്ട വഴി തീരെ വീതി കുറഞ്ഞതിനാൽ ഈ ലൈനിന് സാങ്കേതിക അനുമതി നൽകാൻ കഴിയുകയില്ല. രണ്ടാമത്തെ റൂട്ടിലാണെങ്കിൽ 1280 മീറ്റർ 11കെ.വി. ലൈൻ വലിക്കേണ്ടി വരും. ഇതിന് വൈദ്യുതി കണക്ഷൻ ലഭിക്കേണ്ട വ്യക്തി തയ്യാറല്ല. കാരണം അവർക്ക് മിനിമം ഗ്യാരന്റിയായി ഏകദേശം 20,000 രൂപ കൂടി കൂടുതലായിട്ട് അടയ്ക്കേണ്ടി വരും. ഇപ്പോൾ ലൈൻ വലിച്ചിരിക്കുന്ന റൂട്ടിൽ 8000 രൂപയാണ് മിനിമം ഗ്യാരന്റി തുക. പ്രസ്തുത കണക്ഷൻ നൽകുന്നതിന് ഇനിയും 25 മീറ്റർ 11. കെ.വി.ലൈൻ വലിക്കേണ്ടതും ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യേണ്ടതും അടക്കമുള്ള ജോലികൾ ബാക്കിയുണ്ട്. സ്ഥലത്തെ ക്രമസമാധാന നില കണക്കിലെടുത്ത് ജോലി പൂർണമായി വൈദ്യുതി ബോർഡ് നിർത്തിയിരിക്കുകയാണ്. ബോർഡിന് ഒത്തു തീർപ്പ് നിർദ്ദേശങ്ങളൊന്നും മുന്നോട്ടു വയ്ക്കാനില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുമായിട്ടും അവിടത്തെ ജനപ്രതിനിധികളുമായിട്ടും ബന്ധപ്പെട്ടിട്ട് ഇരുകൂട്ടരുമായിട്ട് ചർച്ച നടത്തി ഒത്തുതീർപ്പിനു ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly